ഇപ്പോൾ വന്നിരിക്കുന്ന ഏറ്റവും ഒടുവിലത്തെ സ്കീം അനുസരിച്ച് സീറോ പൊല്യൂഷനുള്ള സാധ്യതയും വളർന്നുവന്നിരിക്കുന്നു. അതുകൊണ്ട് ഈ കാര്യങ്ങളിൽ ഒരു ആശയ സമന്വയം ഉണ്ടാക്കി കഴിയുന്നത്ര വേഗത്തിൽ എത്ര കോടി രൂപ ചെലവഴിച്ചും ഇത് നടപ്പിലാക്കുന്നതിന് സർക്കാർ കമ്മിറ്റഡ് ആണ്. ആ കാര്യങ്ങൾ ചെയ്യുന്നതാണ്.

(3) അഭിഭാഷക ക്ഷേമനിധി വിഹിതത്തിൽ കാലാനുസൃതമായ മാറ്റം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, കേരളത്തിലെ മുഴുവൻ അഭിഭാഷകരുടെയും ചിരകാലമായ ഒരു ആവശ്യത്തിലേക്ക് ഞാൻ ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. സഭാനാഥനായ അങ്ങും ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി അഡ്വക്കേറ്റ് ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുമടക്കമുള്ള ഈ നിയമസഭയിലെ വളരെ ഗണ്യമായ ഒരു വിഭാഗത്തിന്റെ വർഗ്ഗബോധത്തിന്റെ പ്രശ്നം കൂടിയാണ്. കേരള അഭിഭാഷക ക്ഷേമനിധിയിലെ വിഹിതം ഇന്ന് ഒരു ലക്ഷം രൂപയാണ്. വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ച ആ സംഖ്യ കാലാനുസൃതമായി 5 ലക്ഷം ആക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഈ സഭയിൽത്തന്നെ ഒന്നുരണ്ടു പ്രാവശ്യം ഉന്നയിച്ചു. 3 ലക്ഷം രൂപയാക്കി ഉയർത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിട്ട് കാലം കുറെയായി. സർക്കാരിന് യാതൊരു ബാധ്യതയുമില്ലാത്ത ഒരു കാര്യമാണ് ഇത്. വർദ്ധിപ്പിക്കും എന്ന പ്രഖ്യാപനം ഇനി വേണ്ട. നിയമസഭാ സമ്മേളനത്തിന്റെ കാലാവധി തീരുന്നതിനുമുമ്പെങ്കിലും ഇത് യാഥാർത്ഥ്യമാക്കണമെന്ന് ബഹുമാനപ്പെട്ട നിയമവകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഇത് ഗവൺമെന്റ്, in principle agree ചെയ്തതാണ്. പക്ഷേ ഇതിൽ ധനകാര്യവകുപ്പ് ചില സംശയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അത് എന്താണെന്നുവച്ചാൽ, ഗവൺമെന്റിന് കമ്മിറ്റ്മെന്റ് വരുമോ, ഇല്ലയോ എന്നുള്ളതു സംബന്ധിച്ചാണ്. ധനകാര്യ വകുപ്പുമായിട്ടൊക്കെ ചർച്ച ചെയ്ത് ക്ലാരിഫൈ ചെയ്തതിനുശേഷം ഗവൺമെന്റിന് കമ്മിറ്റ്മെന്റ് വരാത്ത രീതിയിൽ ഈ പറഞ്ഞ ലിമിറ്റിൽ കൊണ്ടുവരുന്നതിനുള്ള നടപടി എടുക്കാം. ഈ നിയമസഭയുടെ കാലാവധിക്കു മുൻപുതന്നെ നടപ്പിലാക്കാം. നിയമസഭയുടെ കാലാവധി എന്നു പറയുമ്പോൾ, അദ്ദേഹം മനസ്സിലാക്കിയോ എന്നറിഞ്ഞുകൂടാ. എത്രയും വേഗത്തിൽ ഇത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

(4) കോട്ടയ്ക്കൽ പോലീസ്സ്റ്റേഷൻ പരിധിയിലെ പുന്തുരുത്തി നാസർ എന്ന ആളിന്റെ വധം സംബന്ധിച്ച അന്വേഷണം

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, താനൂർ നിയോജകമണ്ഡലത്തിലെ പറപ്പൂർ സ്വദേശിയും ടാക്സി ജീപ്പ് ഡ്രൈവറുമായിരുന്ന പുന്തുരുത്തി നാസർ അതിദാരുണമായി വധിക്കപ്പെട്ടിട്ട് രണ്ടു വർഷം കഴിഞ്ഞു. കോട്ടയ്ക്കൽ ജീപ്പ് സ്റ്റാൻഡിൽനിന്നും 3-2-1998-നു അജ്ഞാതരായ രണ്ടുപേർ പാലക്കാട് പോകാനാണെന്ന് പറഞ്ഞു നാസർ ഓടിച്ചിരുന്ന കെ. എൻ. 10 ഡി 1683 നമ്പർ ജീപ്പ് വിളിച്ചു. സുഹൃത്തുക്കളായ മറ്റ് ഡ്രൈവർമാരോട് വിവരം പറഞ്ഞിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly